**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** — **23-08-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി പ്രതിവർഷം ശരാശരി എത്ര കോടി രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി പ്രതിവർഷം ശരാശരി 15 കോടി രൂപ ചെലവഴിക്കുന്നുണ്ട്. |
| (ബി) | നിലവിൽ എത്ര കുട്ടികൾ അതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ 87,000 കുട്ടികൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകി വരുന്നുവെന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയിലൂടെ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പൊതു പരീക്ഷകളിൽ 5% വെയിറ്റേജും, പ്ലസ് ടു അഡ്മിഷൻ സമയത്ത് ബോണസ്സായി രണ്ട് പോയിന്റും, ഡിഗ്രി അഡ്മിഷൻ സമയത്ത് 15 മാർക്ക് വെയിറ്റേജും നൽകി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനും പി.എസ്.സി. നിയമനങ്ങൾക്കും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | എസ്.പി.സി. പദ്ധതിയിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പൊതു പരീക്ഷകളിൽ 5% വെയിറ്റേജും, പ്ലസ് ടു അഡ്മിഷൻ സമയത്ത് ബോണസ്സായി രണ്ട് പോയിന്റും, ഡിഗ്രി അഡ്മിഷൻ സമയത്ത് 15 മാർക്ക് വെയിറ്റേജ് നൽകി വരുന്നുണ്ട്. പി.എസ്.സി. നിയമനങ്ങൾക്ക് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ